## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2815      10.12.2014 -ൽ മറുപടി നൽകേണ്ടിയിരുന്നത്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

**ചോദ്യം**      **ഉത്തരം**

ശ്രീമതി.കെ.കെ.ലതിക      ശ്രീ.ഷിബു ബേബി ജോൺ
(ബഹു.തൊഴിലും നൈപുണ്യവും വകുപ്പ മന്ത്രി)

| | | ഇടക്കാല മറുപടി | അന്തിമ മറുപടി |
|---|---|---|---|
| (എ) | 2014-15 വർഷത്തിൽ ഏതൊക്കെ തസ്തികകളിലേയ്ക്ക് ഏതൊക്കെ സ്ഥാപനങ്ങളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; | വിവരം ശേഖരിച്ച നൽകുന്നതാണ്. | 2014-15 വർഷത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി വിവിധ തസ്തികകളിൽ വിവിധ സ്ഥാപനങ്ങളിലേക്ക് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയത് സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഉദ്യോഗാർത്ഥികളിൽ ജോലി ലഭിക്കാത്തവരിൽ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തിരികെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് ജോലിക്ക് നാമനിർദ്ദേശം ചെയ്യുകയും ജോലി ലഭിക്കാത്തതുമായ ഉദ്യോഗാർത്ഥികൾ തിരികെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യണമെന്ന വ്യവസ്ഥ നിലവിലില്ല. | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് ജോലിക്ക് നാമനിർദ്ദേശം ചെയ്യുകയും ജോലി ലഭിക്കാത്തതുമായ ഉദ്യോഗാർത്ഥികൾ തിരികെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യണമെന്ന വ്യവസ്ഥ നിലവിലില്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യ

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2912

11/12/2014-ൽ
മറുപടിയ്ക്ക്

**ഉന്നത വിദ്യാഭ്യാസ രംഗത്തെ പഠന മികവിനും കൂടുതൽ ഗവേഷണങ്ങൾക്കും പ്രാമുഖ്യം**

**ചോദ്യം**
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :

**മറുപടി**
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ പഠന മികവിനും കൂടുതൽ ഗവേഷണങ്ങൾക്കും പ്രാമുഖ്യം നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ ;

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ പഠന മികവ് ഉറപ്പുവരുത്തുന്നതിനും കൂടുതൽ ഗവേഷണങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതിനുമായി ആസ്പയർ, ഇൻസ്പയർ, തന്മ എന്നീ സ്കോളർഷിപ്പുകൾ നിലവിലുണ്ട്. പ്രസ്തുത സ്കോളർഷിപ്പുകൾക്ക് സർക്കാരിന്റെ ധനസഹായവും ലഭിക്കുന്നുണ്ട്. ഇവയ്ക്ക് പുറമേ CSIR ന്റെയും സർവകലാശാലയുടെയും JRF/SRF കൾ നൽകുന്നുണ്ട്. കാലാകാലങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(ബി) ഗവേഷണ പ്രബന്ധങ്ങൾ കോപ്പിയടിക്കുന്നതിന്റെയും വ്യാജ ഡോക്ടറേറ്റുകൾ സംഘടിപ്പിക്കുന്ന വാർത്തകളുടെയും പശ്ചാത്തലത്തിൽ കുറ്റമറ്റ ഗവേഷണ നടപടിക്രമങ്ങൾ നിർദ്ദേശിക്കുമോ ;

(ബി) ഗവേഷണപ്രബന്ധങ്ങളിലെ കോപ്പിയടി പരിശോധിക്കുവാനായി ആന്റിപ്ലേജിയാരിസം സോഫ്റ്റ് വെയർ പ്രയോജനപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. രാജ്യമൊട്ടാകെയുള്ള എല്ലാ സർവ്വകലാശാലകൾക്കും പ്രബന്ധ ചോരണ പരിശോധനാ സോഫ്റ്റ് വെയറായ iThenticate UGC INFLIBNET നൽകിയിട്ടുള്ള അഭിഗമ്യത ഉപയോഗപ്പെടുത്തി പ്രബന്ധ സമർപ്പണത്തിനു മുമ്പുള്ള ഏകീകൃത മാതൃകയുടെ ഉപയോഗത്തിനും വേണ്ട തീരുമാനങ്ങൾ കൈകൊള്ളുന്നതിനുമായി അക്കാദമിക് കൌൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾ നൽകുന്ന ബിരുദങ്ങൾക്ക് ഒരേ പോലെയുള്ള മൂല്യവും അംഗീകാരവും നൽകുന്നതിന് ഏകീകൃത പരീക്ഷ, സിലബസ്സ് എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ ?

(സി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ